**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2663** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഡി. കെ. മുരളി

ശ്രീ. ഡി. കെ. മുരളി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** 2016 വർഷം മുതൽ നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ എത്രയാണെന്നും ഇതുവഴി എത്ര തൊഴിലവസരങ്ങൾ പുതുതായി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** സ്റ്റാർട്ടപ്പ് ഇന്ത്യ ഡാറ്റാബേസ് പ്രകാരം 2016 മുതൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളുടെ എണ്ണം 7231 ആണ്.ഇതുവഴി ഏകദേശം 72,310 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളതായി കണക്കാക്കുന്നു

**(ബി)** സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>ഇന്നവേഷൻ ഗ്രാന്റ്</u>**

മികച്ച ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി 'ഇന്നവേഷൻ ഗ്രാന്റ്' എന്ന പേരിൽ സാമ്പത്തിക സഹായം കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നു. ആശയങ്ങളിൽ നിന്ന് ഉൽപ്പന്നമാതൃക തയ്യാറാക്കുന്നതിനും അവയെ പൂർണരൂപത്തിലുള്ള വ്യവസായമാക്കി മാറ്റാനുമുള്ള സഹായം ഘട്ടം ഘട്ടമായി ലഭ്യമാക്കുന്ന പദ്ധതിയാണ് ഇന്നവേഷൻ ഗ്രാന്റ്. മൂന്ന് ലക്ഷം മുതൽ 15 ലക്ഷം രൂപവരെ ഗ്രാന്റ് അനുവദിക്കാറുണ്ട്.

**<u>മാർക്കറ്റിംഗ് സപ്പോർട്ട് സ്കീം</u>**

മാർക്കറ്റിങ് നയങ്ങൾ നടപ്പിലാക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന സഹായമാണ് മാർക്കറ്റിംഗ് സപ്പോർട്ട് സ്കീം. പ്രൊഡക്ട് വീഡിയോ, പ്രചാരണ വീഡിയോ എന്നിവയുടെ നിർമാണ ചെലവിന്റെ 70 ശതമാനം വരെ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകും. പരമാവധി ഒന്നരലക്ഷം രൂപ വരെ ലഭിക്കും.

**<u>വനിതാ സംരംഭകർക്കായുള്ള ചെറുകിട വായ്പാ പദ്ധതി</u>**

സർക്കാരിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ വനിതാ സംരംഭകർക്ക് ലഭിച്ച ജോലി, കരാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നൽകുന്ന പ്രവർത്തന മൂലധന വായ്പയാണിത്. ആറ് ശതമാനം പലിശയിൽ 15 ലക്ഷം രൂപ വരെ വായ്പ ലഭിക്കും.

**ഇനോവേഷൻ ആൻഡ് ഒൺട്രപ്രണർഷിപ്പ് ഡെവലപ്മന്റ് സെന്ററുകൾ(ഐഇഡിസി)**

എൻജിനീയറിംഗ്, മാനേജ്മെന്റ്, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നൂതനത്വത്തിലേക്കുള്ള ചുവടുവയ്ക്കാൻ സഹായിക്കുന്ന പദ്ധതിയാണിത്. നൂതനസാങ്കേതികവിദ്യ, ഉന്നതനിലവാരത്തിലുള്ള വിദഗ്ധോപദേശം, ആഗോള പരിചയസമ്പന്നത, ധനസഹായം എന്നിവ പദ്ധതി വിഭാവനം ചെയ്യുന്നു.

**ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം**

യങ് ഓൺട്രപ്രണർഷിപ്പ് ഡവലപ്മെന്റ് പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുകയും അന്താരാഷ്ട്ര തലത്തിൽ ബിസിനസ്, നിക്ഷേപ അവസരങ്ങൾ നേടുകയും ചെയ്യുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ സഹായം നല്കുന്നു. ആദ്യ വിദേശ സന്ദർശനത്തിൽ യാത്രാച്ചെലവിന്റെ 90 ശതമാനം ഒരാൾക്ക് ലഭിക്കും. രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും യാത്രച്ചെലവിന്റെ യഥാക്രമം 70, 50, 25 ശതമാനം തുകയാണ് ലഭിക്കുന്നത്. ഇതേ മാതൃകയിൽ ദേശീയതലത്തിലുള്ള പരിപാടികൾക്കും സമ്മേളനങ്ങൾക്കും മുഴുവൻ യാത്രാച്ചെലവും വഹിക്കുന്ന പദ്ധതികളുമുണ്ട്.

**ഗ്രാമീണ ഇനോവേറ്റർമാർക്കുള്ള സഹായം**

ഗ്രാമീണ മേഖലയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള ധനസഹായ പദ്ധതിയാണിത്. ഗ്രാമങ്ങളിലെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനോ ഗ്രാമീണ ജീവിതം മെച്ചപ്പെടുത്തുന്നതിനോ സഹായിക്കുന്ന നൂതനാശയങ്ങളെ പൂർണ സംരംഭങ്ങളാക്കാനുള്ള പദ്ധതിയാണിത്.

**ഫണ്ട് ഓഫ് ഫണ്ട്സ്**

സെബിയുടെ അംഗീകാരമുള്ള ആൾട്ടർനേറ്റീവ് ഇൻവസ്റ്റ്മന്റ് ഫണ്ടുകളുമായി സഹകരിച്ച് സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയാണിത്. സംസ്ഥാനസർക്കാർ ഇതിൽ നിയന്ത്രിതമായ നിക്ഷേപം നടത്തും.

**റെന്റ് സബ്സിഡി**

ശൈശവദശയിലുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കെട്ടിട വാടകയിനത്തിൽ നൽകുന്ന സബ്സിഡിയാണിത്. പരമാവധി 10,000 ചതുരശ്രയടി സ്ഥലത്തിന് വരെ സബ്സിഡി ലഭിക്കും. ഒന്നുകിൽ മൊത്തം വാടകയുടെ 50 ശതമാനമോ അല്ലെങ്കിൽ ചതുരശ്രയടിക്ക് 20 രൂപ നിരക്കിലോ ആണ് സബ്സിഡി ലഭിക്കുക.

**വനിതാ സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള സീഡ് ഫണ്ട്**

നൂതനവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ രൂപീകരണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ്റെ പദ്ധതിയാണ് വനിതാ സംരംഭകർക്കുള്ള സീഡ് ഫണ്ട്. സ്റ്റാർട്ടപ്പുകളുടെ വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വരുമാന വർധന എന്നിവ വഴി സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. തിരിച്ചടവ് കാലാവധി രണ്ട് വർഷം വരെയാണ്. പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപ വരെ സീഡ് ഫണ്ട് നൽകുന്നു. സർക്കാരിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ വനിതാ

സംരംഭകർക്ക് ലഭിച്ച പർച്ചേസ് ഓർഡർ പ്രകാരമുള്ള ജോലി, കരാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നൽകുന്ന പ്രവർത്തന മൂലധന വായ്പയാണ് പർച്ചേസ് ഓർഡറിന്മേൽ വനിതാ സംരംഭകർക്കായുള്ള ചെറുകിട വായ്പാ പദ്ധതി. ആറ് ശതമാനം പലിശയിൽ 15 ലക്ഷം രൂപ വരെ വായ്പ ലഭിക്കും.

**സീഡ് ഫണ്ട്**

നൂതനാശയങ്ങളെ സ്റ്റാർട്ടപ്പുകളായി വികസിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതിയാണിത്. വിദഗ്ധ സമിതിയ്ക്ക് മുമ്പാകെ ആശയാവതരണം നടത്തിയാണ് സീഡ് ഫണ്ടിനായി സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നത്.

**സ്റ്റാർട്ടപ്പ് റിസേർച്ച് ഗ്രാന്റ് (R&D ഗ്രാൻറ്)**

ഗവേഷണ വികസന സാധ്യതയുള്ള സ്റ്റാർട്ടപ്പുകൾക്ക് 30 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് R&D ഗ്രാൻറ്. ഉൽപ്പന്നത്തിന്റെ പ്രവർത്തന പ്രോട്ടോടൈപ്പ് ഉള്ള സ്റ്റാർട്ട്പ്പുകൾക്ക് അപേക്ഷിക്കാം. സംസ്ഥാനത്തെ അംഗീകൃത ഇൻകുബേറ്ററിൽ അംഗമായിരിക്കണം. പേറ്റന്റ് നേടിയ സ്റ്റാർട്ടപ്പുകൾക്കും നൂതന ഉൽപ്പന്നങ്ങളുമായി വരുന്നവർക്കും മുൻഗണന നൽകും. ഡീപ് ടെക്, എമർജിംഗ് ടെക്നോളജീസ്, ഹാർഡ്‌വെയർ, ഡിഫൻസ്, മെഡ്‌ടെക്, ഇൻഡസ്ട്രിയൽ ആപ്ലിക്കേഷൻസ്, അഗ്രി-ഫുഡ് ടെക് തുടങ്ങിയ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റിന് അപേക്ഷിക്കാം.

**ടെക്നോളജി ട്രാൻസ്ഫർ ആൻഡ് കൊമേർസലൈസേഷൻ സ്കീം**

രാജ്യത്തെ അംഗീകൃത ഗവേഷണ സ്ഥാപനത്തിൽ നിന്നും സാങ്കേതികവിദ്യ വാങ്ങി വാണിജ്യവൽക്കരിക്കാൻ സ്റ്റാർട്ടപ്പുകളെ പ്രോൽസാഹിപ്പിക്കുന്ന ധനസഹായ പദ്ധതിയാണിത്. സാങ്കേതികവിദ്യ കൈമാറ്റത്തിന് ചെലവായ തുകയിൽ പരമാവധി പത്തുലക്ഷം രൂപ വരെയാണ് ഈ വിഭാഗത്തിൽ ലഭിക്കുന്ന ധനസഹായം. സാങ്കേതിക വിദ്യ വാങ്ങുന്ന ഘട്ടത്തിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് നൽകേണ്ടി വരുന്ന ഫീസ് 10 ലക്ഷത്തിൽ താഴെയാണെങ്കിൽ തുകയുടെ 90% വരെയായിരിക്കും തിരികെ ലഭിക്കുക.

**പേറ്റന്റ് സപ്പോർട്ട് സ്കീം**

സ്വയം വികസിപ്പിച്ച സാങ്കേതികവിദ്യകൾക്കും ഉൽപ്പന്നങ്ങൾക്കും പേറ്റന്റ് എടുക്കുമ്പോൾ ചെലവാകുന്ന തുക തിരികെ നൽകുന്നതാണ് പേറ്റന്റ് സപ്പോർട്ട് സ്കീം. വിദ്യാർത്ഥി സംരംഭകർക്ക് കൺസൾട്ടേഷൻ ഫീസ് ഉൾപ്പെടെയുള്ള പേറ്റന്റ് ചെലവ് തിരികെ നൽകുന്നു. വിദേശ പേറ്റന്റുകൾ നേടുന്നവർക്ക് 10 ലക്ഷം രൂപ വരെ തിരികെ ലഭിക്കും. ഫയലിങ്, പ്രോസിക്യൂഷൻ, പേറ്റൻറ് കരസ്ഥമാക്കൽ എന്നീ 3 ഘട്ടങ്ങളിലായാണ് റീഇംബേഴ്സ്മെന്റ് ലഭിക്കുക.

**ഗവൺമെൻറ് ആസ് എ മാർക്കറ്റ് പ്ലേസ്**

സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് പ്രയോജനപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കുന്ന പൊതു സംഭരണ നയമാണ് ഗവൺമെൻറ് ആസ് എ മാർക്കറ്റ് പ്ലേസ് പദ്ധതി. സംസ്ഥാന സർക്കാരിന് കീഴിലെ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾക്ക് മികച്ച ടെക്നോളജി സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും അൻപത് ലക്ഷം രൂപവരെയുള്ളവ ടെൻഡർ നടപടിക്രമങ്ങളില്ലാതെ നേരിട്ടും മൂന്ന് കോടി രൂപവരെയുള്ളവ സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള ടെണ്ടർ

വഴിയും വാങ്ങാനാകും. പദ്ധതി വഴി ടെൻഡർ തുകയിലും ഡെപ്പോസിറ്റ് തുകയിലും ഇളവുകൾ നൽകുന്നു.

**<u>കോർപ്പറേറ്റ് കണക്റ്റ്സ് പ്രോഗ്രാം</u>**

സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കോർപ്പറേറ്റ് മേഖലയെ പരിചയപ്പെടുത്തുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് കോർപ്പറേറ്റ് കണക്റ്റ്സ് പ്രോഗ്രാം. പദ്ധതി വഴി സി എസ് ആർ ഫണ്ട് പോലുള്ള നിക്ഷേപങ്ങൾ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിലേക്ക് ആകർഷിക്കുന്നതിനും സാധിക്കാറുണ്ട്.

**<u>തൊഴിലിടവും അനുബന്ധ സൗകര്യങ്ങളും (ലീപ് സെന്ററുകൾ)</u>**

ലീപ് സെന്ററുകളിലൂടെ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലെ ഇൻകുബേഷൻ സെന്ററുകൾ, പങ്കാളിത്ത വ്യവസ്ഥയിലുള്ള ഇൻകുബേഷൻ സെന്ററുകൾ, കോളേജുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ഇൻകുബേഷൻ സെന്ററുകൾ എന്നിവ ലീപ് കോവർക്സ് എന്ന പദ്ധതിക്ക് കീഴിൽ വരുന്നു. സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലെ മാറ്റത്തിന് അനുസൃതമായി പരിപോഷിപ്പിച്ച് ലീപ് (ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രോസ്പർ - LEAP) കേന്ദ്രങ്ങളിൽ സൗകര്യങ്ങളൊരുക്കുന്നു.

**<u>നിധി- പ്രയാസ്</u>**

ഹാർഡ് വെയർ മേഖലയിൽ നൂതന ആശയങ്ങൾ കൈമുതലായവർക്കുള്ള ധനസഹായം നൽകുന്ന പദ്ധതിയാണ് നിധി പ്രയാസ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് നിധി പ്രയാസ് പദ്ധതി നടപ്പാക്കി വരുന്നത്. പ്രയാസ് കേന്ദ്രങ്ങൾ വഴി നടത്തുന്ന പ്രയാസ് പിച്ച് വീക്കിലൂടെയാണ് സംരംഭകർ ധനസഹായ പദ്ധതിക്കായി അപേക്ഷിക്കേണ്ടത്. കേരള സ്റ്റാർട്ടപ്പ് മിഷനിലെ പ്രയാസ് കേന്ദ്രത്തിലെ പദ്ധതി നിർവഹണ കേന്ദ്രം വഴിയാണ് ധനസഹായം ലഭിച്ച ആശയങ്ങളുടെ മാതൃകാരൂപീകരണം നടക്കുന്നത്. നൂതനാശയങ്ങളുള്ള യുവാക്കൾക്ക് സധൈര്യം സ്വന്തം ആശയങ്ങളുമായി മുന്നോട്ടു പോകാൻ സഹായിക്കുന്നതാണ് പദ്ധതിയുടെ സവിശേഷത. സാങ്കേതിക പരിജ്ഞാനം, മാതൃകാരൂപീകരണത്തിലുള്ള വ്യക്തത, എന്നിവ അപേക്ഷകർക്ക് ആവശ്യമാണ്. ധനസഹായം ലഭിച്ച് ഒന്നര വർഷത്തിനുള്ളിൽ മാതൃക രൂപീകരിക്കുകയും വേണം.

**<u>ഫാബ് മിഷൻ</u>**

പുത്തൻ സാങ്കേതികവിദ്യകൾ രൂപകൽപ്പന ചെയ്യാനും നിർമ്മിക്കാനും സാങ്കേതിക സഹായം നൽകുന്ന പ്രോട്ടോടൈപ്പിംഗ് പ്ലാറ്റ്ഫോമാണ് ഫാബ്രിക്കേഷൻ ലബോറട്ടറി (ഫാബ് ലാബ്). യന്ത്രങ്ങൾകൊണ്ട് യന്ത്രങ്ങൾ ഉൾപ്പടെ നിർമിച്ച് നൽകി സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതികസഹായം നൽകുകയാണ് ഫാബ് ലാബുകൾ. മസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സൂപ്പർ ഫാബിന് പുറമെ ലോകത്തെ ആദ്യ സൂപ്പർ ഫാബ് ലാബ് കൊച്ചിയിലെ ഇന്നവേഷൻ സോണിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമേ 2 ഫാബ് ലാബുകളും സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതിക സഹായത്തിനായി കേരളത്തിലെ കോളേജുകൾ കേന്ദ്രീകരിച്ച് 23 മിനി ഫാബ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. കൊച്ചിയിലെ സൂപ്പർ ഫാബ് ലാബിൽ ഫാബ് അക്കാദമി കോഴ്സ് വഴി വിദഗ്ധരിൽ നിന്ന് നേരിട്ട് കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിക്കുന്നു. ഫാബ് അക്കാദമിയിലെക്ക് തിരഞ്ഞെടുക്കുന്ന വനിതാ വിദ്യാർത്ഥികൾക്ക് ഫീസിൽ 95% ഇളവ് ലഭിക്കുന്നു.

**<u>നിക്ഷേപം</u>**

സ്റ്റാർട്ടപ്പ് നിക്ഷേപകരുടെയും ഫണ്ട് ദാതാക്കളുടെയും വലിയ ശൃംഖല കൊണ്ട് സമ്പന്നമാണ് കേരളം. സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്താൻ തയ്യാറാകുന്നവർ എക്കോസിസ്റ്റത്തെ കുറിച്ച് കൃത്യമായി പഠിച്ച് സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ്റെ ഇൻവെസ്റ്റർ കഫേ പരിപാടിയിലൂടെ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരുമായി (ഏഞ്ചൽ നിക്ഷേപകർ / വെഞ്ചർ കാപിറ്റലിസ്റ്റ്) നേരിട്ട് ആശയവിനിമയം നടത്തി ധനസമാഹരണ അവസരങ്ങൾ നൽകുന്നു.

**<u>സെൻ്റർ ഫോർ ഏർലി ഇന്നൊവേഷൻസ്</u>**

കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം), ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ഡിയുകെ), കേരള ഡെവലപ് മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) എന്നിവയുമായി സഹകരിച്ച് കേരളത്തിലുടനീളമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും പഠന സമൂഹങ്ങൾക്കുമിടയിൽ ഡിജിറ്റൽ ഫാബ്രിക്കേഷൻ നൈപുണ്യവും ടിങ്കറിംഗ് ടൂളുകളും ലഭ്യമാക്കുന്നതിനാണ് സെൻ്റർ ഫോർ ഏർലി ഇന്നൊവേഷൻസ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 28 സ്കൂളുകളിൽ സെൻ്റർ ഫോർ ഏർലി ഇന്നൊവേഷൻസ് (ടിങ്കറിംഗ് ലാബുകൾ) ലാബുകൾ സജ്ജീകരിച്ചു.

**സെക്ഷൻ ഓഫീസർ**